# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3070

07/02/2018-ൽ
മറുപടിയ്ക്ക്

### ഐ..എച്ച്.ആർ.ഡി.യുടെ പോളിടെക്നിക്ക് കോളേജുകളിലെ സ്വീപ്പർ /പാർട്ട്ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്താൻ നടപടി

*ചോദ്യം*
ശ്രീ.ഇ.പി.ജയരാജൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള കല്ല്യാശ്ശേരിയിലെ ഇ.കെ. നായനാർ സ്മാരക മോഡൽ പോളിടെക്നിക്ക് കോളേജിൽ ആകെ എത്ര സ്വീപ്പർ/പാർട്ട്ടൈം സ്വീപ്പർമാരാണ് ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഒന്ന്. ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ ജോലി ചെയ്യുന്ന രണ്ട് സ്ത്രീ ജീവനക്കാരെക്കൂടി സ്വീപ്പിങ് ജോലി ചെയ്യുവാൻ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ആകെ സ്വീപ്പിംഗ് ഏരിയ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2200 ചതുരശ്ര മീറ്റർ |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ജോലിനോക്കി-വരുന്ന ശ്രീമതി. ജയപ്രഭ എത്ര | (സി) | ശ്രീമതി. ജയപ്രഭ 26-02-2001 മുതൽ 06-11-2006 വരെ 5 വർഷം 8 മാസവും തുടർന്ന് 07-11-2006 മുതൽ |

| | | | |
|---|---|---|---|
| | വർഷമായി ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | | നാളിതുവരെ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ തുടരുകയും ചെയ്യുന്നു. |
| (ഡി) | ഇപ്പോൾ അവർക്ക് ലഭിക്കുന്ന ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 200/- രൂപ |
| (ഇ) | വളരെ വിസ്തൃതമായ സ്വീപ്പിംഗ് ഏരിയയിൽ ഒറ്റക്കു ശുചീകരണപ്രവർത്തനം നടത്തുകയും പതിനേഴ് വർഷത്തോളമായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുകയും ചെയ്യുന്ന ശ്രീമതി ജയപ്രഭയുടെയും ഐ.എച്ച്.ആർ.ഡി.-യുടെ മറ്റ് പോളിടെക്ക്നിക്കുകളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവരുടെയും ശമ്പള സ്കെയിൽ പരിഷ്കരിച്ച് ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കുമോ; | (ഇ) | ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല. |
| (എഫ്) | ജോലിയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതുവരെ ഇവർക്ക് | (എഫ്) | ഐ.എച്ച്.ആർ.ഡി. യിൽ വേതന വർദ്ധനവ് നടപ്പാക്കുന്നത് |

| | | | |
|---|---|---|---|
| | പ്രതിമാസ മിനിമം വേതനം നിശ്ചയിച്ച നൽകുന്നതിനാവശ്യമായ ഉത്തരവു പുറപ്പെടുവിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ്. ഐ.എച്ച്.ആർ.ഡി. യുടെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വേതന വർദ്ധനവ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ